പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1621 — 11.08.2017 ൽ മറുപടിക്ക്

## സംസ്ഥാനത്തെ ഇരുചക്ര വാഹനാപകട നിരക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ മന്ത്രി) |
| (എ) ഇരുചക്ര വാഹനാപകട നിരക്കിൽ കേരളം ഒന്നാമതാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഒന്നാമതാണെന്ന രീതിയിലുള്ള ഔദ്യോഗിക റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരളത്തിൽ അത്തരമുള്ള വാഹനാപകടങ്ങൾ വളരെയധികം ഉണ്ടാകുന്നതായി കാണുന്നുണ്ട്. |
| (ബി) ഇരുചക്ര വാഹനാപകടങ്ങളുടെ ദേശീ യ ശരാശരി 25 ശതമാനമാണങ്കിൽ കേരളത്തിൽ അത് 52 ശതമാനമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) 2016 ൽ ആകെ വാഹനാപകടങ്ങളുടെ 60% ഇരുചക്രവാഹനങ്ങൾ ഉൾ പ്പെട്ടവയായിരുന്നെങ്കിൽ 2017 ലെ ആദ്യ 6 മാസ കാലയളവിൽ ഇത് 57% മായി കുറഞ്ഞിട്ടുണ്ട്. |
| (സി) ഓരോ വർഷവും സംസ്ഥാനത്ത് ഇരുചക്രവാഹനങ്ങളുണ്ടാക്കുന്ന അപകടനിരക്കും അതു വഴി ഉണ്ടാകുന്ന മരണ നിരക്കും ഗണ്യമായി വർദ്ധിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) 2017 ആദ്യ ആറുമാസങ്ങളിൽ തന്നെ പോയ വർഷം ഈ കാലയളവിനെ അപേക്ഷിച്ച് ടൂ വീലർ മുഖേനയുള്ള അപകടങ്ങൾ കുറഞ്ഞിട്ടുണ്ട്.<br>2016 ജനുവരി മുതൽ 2016 ജൂൺ വരെ - 11843<br>2017 ജനുവരി മുതൽ 2017 ജൂൺ വരെ - 11028 |
| (ഡി) എങ്കിൽ ഇരുചക്രവാഹനങ്ങളെ നിയന്ത്രിക്കുന്നതിനും അപകട നിരക്ക് കുറയ്ക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ? | (ഡി) ടൂ വീലർ മുഖേനയുണ്ടാകുന്ന അപകടങ്ങളുടെ തീവ്രത കുറയ്ക്കുന്നതിനായി വകുപ്പ് ഹെൽമറ്റ് പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. മദ്യപിച്ച് അശ്രദ്ധമായി വാഹനമോടിക്കുന്നവരുടെ ലൈസൻസ് കണ്ടു കെട്ടുക, സസ് പെൻഷൻ പിഴ ഈടാക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ